പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

14.03.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3277

# കരട് ആരോഗ്യനയത്തിൽ ഭേദഗതി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ അംഗീകരിച്ച കരട് ആരോഗ്യനയം കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഭക്ഷ്യസുരക്ഷാ നിയമത്തിന് എതിരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കരട് ആരോഗ്യനയം സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടിയിരുന്നോ; | (ബി) | 22.08.2016 ലെ സ.ഉ.(സാധാ) 2326/2016/ആ.കു.വ. പ്രകാരം ആരോഗ്യനയം രൂപീകരിക്കുന്നതിനായി 17 അംഗ വിദഗ്ദ സമിതിയെ ഡോ.ബി.ഇക്ബാൽ ചെയർമാനും ഡോ.കെ.പി.അരവിന്ദൻ കൺവീനറുമായി നിയമിക്കുകയും വിവിധ സംഘടനകളുമായും വ്യക്തികളുമായും ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കരട് ആരോഗ്യനയം തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | 2006-ൽ നടപ്പിലാക്കിയ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്റ്റിനു വിരുദ്ധമായ പരാമർശങ്ങൾ ഒഴിവാക്കി സംസ്ഥാന കരട് ആരോഗ്യനയത്തിൽ ഭേദഗതികൾ വരുത്താൻ തയ്യാറാകുമോ എന്ന് അറിയിക്കാമോ? | (സി) | കൂടുതൽ നിർദ്ദേശങ്ങളും ഭേദഗതികളും പരിശോധിച്ച് മാറ്റങ്ങൾ ആവശ്യമാണെന്ന് കാണുന്ന പക്ഷം അവ വരുത്തി സംസ്ഥാന ആരോഗ്യനയം അന്തിമമായി അംഗീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ